# ചെറുപുഴ തേജസ്വിനിയിൽ നിന്ന് നീര ഈ മാസം വിപണിയിലേയ്ക്ക്

കൊച്ചി: നാളികേര വികസന ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത കേരളത്തിലെ നാളികേരകർഷകരുടെ ആദ്യ ഉത്പാദക കമ്പനിയായ കണ്ണൂർ ചെറുപുഴ തേജസ്വിനി കമ്പനി ഈ മാസം നീരയും നീരയിൽ നിന്നുള്ള ശർക്കരയും വിപണിയിലിറക്കുമെന്ന് കമ്പനി ചെയർമാൻ സണ്ണി ജോസഫ് അറിയിച്ചു. 150 തെങ്ങുകളിൽ നിന്ന് നീര ഉത്പാദനം ഉടൻ ആരംഭിക്കും. നിലവിൽ എട്ടു നീര ടെക്നീഷ്യന്മാർ കമ്പനിക്കു സ്വന്തമായി ഉണ്ട്. ഇവരെ കൂടാതെ 10 പേരെ ഉടൻ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ കളമശേരി എസ്‌സിഎംഎസിൽ നടത്തുന്ന രണ്ടാഴ്ചത്തെ പരിശീലനത്തിന് അയയ്ക്കും.

ഈ ടെക്നീഷ്യന്മാരുടെ സേവനം പ്രയോജനപ്പെടുത്തി ഘട്ടംഘട്ടമായി 1500 തെങ്ങുകളിൽ നിന്ന് നീര ഉത്പാദിപ്പിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. പ്രതിദിനം ആയിരം ലിറ്റർ നീര സംസ്കരിക്കാൻ ശേഷിയുള്ള ഒരു പ്ലാന്റ് സ്ഥാപിക്കാനുള്ള നടപടികളും കമ്പനി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ വാടകയ്ക്ക് എടുക്കുന്ന സ്ഥലത്ത് നീരയുടെ സംസ്കരണവും ശർക്കര നിർമാണവും തുടങ്ങാനാണ് പദ്ധതി. തേജസ്വിനി എന്ന ട്രേഡ് മാർക്കിൽതന്നെയാവും ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുക.

ശർക്കരയ്ക്ക് രണ്ടു വിദേശ രാജ്യങ്ങളിൽനിന്ന് വ്യാപാര അന്വേഷണങ്ങൾ വന്നിട്ടുണ്ട്. അവരുമായി ധാരണാപത്രം ഒപ്പിടാനുള്ള ധാരണയിലാണ് കമ്പനി. അങ്ങിനെയെങ്കിൽ പ്രാദേശിക വിപണിയിൽ ശർക്കര വില്പന ഉടനെ ഉണ്ടാവില്ല. കാരണം അത്രയ്ക്ക് മാത്രം ഉത്പാദിപ്പിക്കാൻ കമ്പനിക്ക് നിലവിൽ സംവിധാനമില്ലെന്നും സണ്ണി ജോസഫ് പറഞ്ഞു. നാളികേര വികസന ബോർഡിന്റെ സാങ്കേതികവിദ്യ അനുസരിച്ചാണ് ഇവിടെ നീര സംസ്കരണം നടത്തുക. തുടക്കത്തിൽ കണ്ണൂർ, കോഴിക്കോട് മാർക്കറ്റുകളാണ് തേജസ്വിനിയുടെ നീര ലക്ഷ്യമിടുന്നത്. പ്രത്യേകം നീര ബോർഡ് രൂപീകരിക്കാനുള്ള നീക്കങ്ങൾ സംസ്ഥാന സർക്കാർ ഉപേക്ഷിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.